**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4661** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് അമിത ജോലി ഭാരം മൂലമുണ്ടാകുന്ന തളർച്ച കാരണം അപകട മരണങ്ങൾക്ക് കാരണമാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് മാനുഷികവും തൊഴിൽപരവുമായ അവസ്ഥ മെച്ചപ്പെടുത്തുവാൻ വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| (സി) | മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വളർത്തുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വളർത്തുന്നതിനായി പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി 4500/- രൂപ നൽകിവരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നടത്തുന്ന തീരദേശ ലേലത്തിൽ പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളികൾ, മത്സ്യലേല തുകയുടെ 1% തുക സേവിംഗ്സ് ആയി സംഘത്തിൽ അടച്ചു വരുന്നു. ഈ തുക ഗ്രൂപ്പിന്റെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അത്യാവശ്യ ഘട്ടങ്ങളിലോ, വർഷത്തിലൊരിക്കലോ ഗ്രൂപ്പുകൾക്ക് ബോണസ്സായി നൽകുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ |

| | | | |
|---|---|---|---|
| | | | സമ്പാദ്യശീലം വളർത്തുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ ഈ മത്സ്യത്തൊഴിലാളി മേഖലയിലുള്ള പുരുഷൻമാരും, സ്ത്രീകളും സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രാഥമിക സഹകരണ സംഘങ്ങളിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്നു. അവർ സംഘത്തിൽ ത്രിഫ്റ്റ് (സമ്പാദ്യം) അടച്ചു വരുന്നു. ഈ സ്വയം സഹായ ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശയ്ക്ക് മത്സ്യഫെഡ് വഴി മൈക്രോഫിനാൻസ് വായ്പ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി
6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75 % സബ്സിഡിയോടു കൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.
7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.
8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)
9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി.
10. ഓഖി പുനരധിവാസ പദ്ധതികൾ.
11. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

    (a) മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

    (b) മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.

    (c) വിവാഹ ധനസഹായ പദ്ധതി

    (d) പെൻഷൻ

    (e)മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

    (f) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

    (g) എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

    (h) കുടുംബ സംവിധാന പദ്ധതി

    (i) മാരക രോഗ ചികിത്സ പദ്ധതി

    (j) ചെയർമാൻ റിലീഫ് ഫണ്ട്

    (k) ബോർഡിന്റെ പ്രത്യേക ധനസഹായം

    (l) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

    (m) ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

    (n) ബോധവൽകരണ പരിപാടി

    (o) തണൽ പദ്ധതി

    (p) അപകടം മൂലമുണ്ടാകുന്ന താൽകാലിക അവശതക്ക് ധനസഹായ പദ്ധതി
12. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

    (a) എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി.

    (b) എൻ.ബി.സി.എഫ്.ഡി.സി / എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ (c) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

(d) വലകൾക്കുള്ള സബ്സിഡി പദ്ധതി

(e) മത്സ്യഫെഡ് ഉപകരണ സുരക്ഷ പദ്ധതി

(f) നാടൻ വള്ളങ്ങളുടെ നവീകരണം

(g) മത്സ്യത്തൊഴിലാളികൾക്കുള്ള ഉത്പാദന ബോണസ്

(h) മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ്

(i) ബ്ലൂ റവല്യൂഷൻ പദ്ധതി

(j)കോട്ടയം ജില്ലയിലെ എസ്.സി /എസ്.ടി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

(k) ഫിഷ് മാർട്ടുകൾ

(l) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

(m) മത്സ്യത്തൊഴിലാളി ക്ഷേമനിധി

(n)മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി.

13. സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(a) ചെറുകിട തൊഴിൽ സംരംഭങ്ങൾ, സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കായുള്ള ഇടപെടലുകൾ

(b) 3R Project/ JLG PRoject for ensuring livelihood security of fisherwomen in Kerala

(c) ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക്

(d) കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി

(e) തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്

(f) സ്നേഹതീരം പദ്ധതി

(g) മോഡൽ പീലിംഗ് യൂണിറ്റ്

(h) അഷ്ടമുടി രണ്ടാം ഘട്ടം പദ്ധതി – അപ്പാരൽകൺസോർഷ്യം

(i) ഓൺലൈൻ മാർക്കറ്റിങ് & സെയിൽസ്

(j)ഡിജിറ്റൽ മീഡിയ & മാർക്കറ്റിങ് – ഓൺലൈൻ കോഴ്സ്.